# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3478 14.03.2017 -ലെ മറുപടി**

## അന്തർ സംസ്ഥാന നദീജല പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>,, കെ.ജെ. മാക്സി<br>,, ജോണി ഫെർണാണ്ടസ്<br>,, ബി.ഡി. ദേവസ്സി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ അഞ്ച് വർഷക്കാലമായി മുല്ലപ്പെരിയാർ അണക്കെട്ട്, അന്തർസംസ്ഥാന നദീജല പ്രശ്നം എന്നിവയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമായി എത്ര കേസ്സുകളാണ് നടത്തി വരുന്നത്; വിശദാംശം നൽകുമോ; | (എ) കഴിഞ്ഞ അഞ്ച് വർഷക്കാലമായി അന്തർസംസ്ഥാന നദീജല പ്രശ്നം, മുല്ലപ്പെരിയാർ അണക്കെട്ട് എന്നിവയുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതിയിലും ഹൈക്കോടതിയിലും നടത്തിവരുന്ന കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഏതെല്ലാം അഭിഭാഷകരാണ് ഈ കേസുകൾ കൈകാര്യം ചെയ്തത്; | (ബി) 1.കാവേരി നദീജല പ്രശ്നം കേസ്<br>സുപ്രീംകോടതിയിൽ നിലവിലുള്ള കാവേരി കേസ്സ് കേരളത്തിന് വേണ്ടി ഫലപ്രദമായി വാദിക്കുവാൻ സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ് സാൽവേ,ശ്രീ.രാജീവ് ധവാൻ അഭിഭാഷകരായ ശ്രീ. രാജു രാമചന്ദ്രൻ, ശ്രീ. രമേശ് ബാബു എന്നിവരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം ശ്രീ. രാജീവ് ധവാന് പകരം സീനിയർ അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയെ നിയമിച്ചുകൊണ്ട് 27.02.2017 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റാന്റിംങ് കൗൺസിൽ ശ്രീ. രമേശ് ബാബുവിന് പകരം ശ്രീ. ജി.പ്രകാശാണ് ഇപ്പോൾ പ്രസ്തുത കേസ് കൈകാര്യം ചെയ്യുന്നത്.<br>2. മുല്ലപ്പെരിയാർ കേസ്<br>മുല്ലപ്പെരിയാർ കേസ് കേരളത്തിന് ഫലപ്രദമായി വാദിക്കുവാൻ വേണ്ടി സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ. വി.ഗിരി എന്നിവരേയും, ശ്രീ. മോഹൻ വി.കട്ടാർക്കി, ശ്രീ.ജി.പ്രകാശ്, |

ശ്രീ. എം.ആർ.രമേശ് ബാബു, ശ്രീമതി.ഗായത്രി ഗോസ്വാമി എന്നീ അഭിഭാഷകരേയും ചുമതലപ്പെടുത്തിയിരുന്നു.

3. നെയ്യാർ കേസ്.

നെയ്യാർ കേസ്സിൽ കേരളത്തിന് വേണ്ടി ശ്രീ. രാജീവ് ധവാൻ, ശ്രീ. ഹരീഷ് സാൽവേ, ശ്രീ.മോഹൻ വി.കട്ടാർക്കി, ശ്രീ. ജി. പ്രകാശ്, ശ്രീ. രമേശ് ബാബു, ശ്രീ. ജയ്ദീപ് ഗുപ്ത എന്നീ അഭിഭാഷകരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. പറമ്പിക്കുളം ആളിയാർ കേസ്.

പറമ്പിക്കുളം ആളിയാർ കേസ് ഫലപ്രദമായി വാദിക്കുവാൻ വേണ്ടി സീനിയർ അഭിഭാഷകരായ ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ.വി.ഗിരി എന്നിവരേയും അഭിഭാഷകനായ ശ്രീ.മോഹൻ വി.കട്ടാർക്കിയേയും, സ്റ്റാന്റിംങ് കൗൺസിൽ ആയിരുന്ന ശ്രീ. രമേശ് ബാബു എം.ആർ എന്നിവരെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്റ്റാന്റിംങ് കൗൺസിൽ ശ്രീ. ജി.പ്രകാശ് ആണ്.

5.മദ്രാസ് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിൽ കേരളത്തിന് വേണ്ടി വാദിക്കുവാൻ അസിസ്റ്റൻറ് സോളിസിറ്റർ ജനറൽ ഓഫ് ഇൻഡ്യയായ ശ്രീ.ജി.ആർ.സ്വാമിനാഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സി) പ്രസ്തുത കാലയളവിൽ ഓരോ സി അഭിഭാഷകർക്കും നൽകിയിട്ടുള്ള ഫീസിന്റെ വിശദാംശം നൽകുമോ ;

05/2011 മുതൽ 07/2016 വരെ അന്തർസംസ്ഥാനദീജല തർക്കവുമായി ബന്ധപ്പെട്ട കേസുകൾക്കായി സുപ്രീംകോടതിയിൽ ഹാജരായിട്ടുള്ള അഭിഭാഷകർക്ക് ഗവ.ഉത്തരവുകൾ പ്രകാരം നൽകിയ തുക ചുവടെ കൊടുക്കുന്നു.

1. ശ്രീ.ജി.പ്രകാശ് - 1,60,000/- രൂപ
2.ശ്രീ.മോഹൻ വി. കട്ടാർക്കി - 1,04,00,000/- രൂപ
3.ശ്രീ.വി. ഗിരി - 15,15,000/-രൂപ
4.ശ്രീ.ഹരീഷ്.എൻ.സാൽവേ-1,66,46,350/-രൂപ
5.ശ്രീ.രാജീവ് ധവാൻ - 70,28,000/-രൂപ
6.ശ്രീ.രമേഷ് ബാബു എം. ആർ -34,68,854/-രൂപ
7.ശ്രീ.പി.പി.റാവു - 2,75,000/-രൂപ
8.ശ്രീമതി. ഗായത്രി ഗോസ്വാമി - 4,50,000/-രൂപ

ഡി) പ്രസ്തുത കേസുകൾ കൈകാര്യം ചെയ്തതിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും വേണ്ടത്ര ജാഗ്രത ഉണ്ടായില്ലെന്ന പരാതി പരിശോധിക്കുമോ ; സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ പരാജയപ്പെട്ട ഇത്തരക്കാർക്കെതിരെ നടപടിയുണ്ടാകുമോ?

ഡി പ്രസ്തുത കേസുകൾ കൈകാര്യം ചെയ്തതിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും ജാഗ്രത കുറവുണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. കാവേരി നദീജല പ്രശ്നം.

കാവേരി നദീജല തർക്ക ട്രൈബ്യൂണൽ അവാർഡ് സംബന്ധിച്ച് കേരളം സുപ്രീം കോടതിയിൽ നൽകിയ സിവിൽ അപ്പീലും (CA 2454 0f 2007) അതിനോടനുബന്ധിച്ച ഇന്ററിം ആപ്ലിക്കേഷനുകളും സുപ്രീം കോടതിയിൽ നിലവിലുണ്ട്. സുപ്രീം കോടതിയിൽ കേരളം നൽകിയ സിവിൽ അപ്പീലിന്റെ അന്തിമ വാദം 21.03.2017 ന് ആരംഭിക്കുന്നതാണ്.

### 2. മുല്ലപ്പെരിയാർ കേസ്

മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനെതിരായി തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം (OS No. 3 of 2006) ൽ ബഹു. സുപ്രീം കോടതി 07.05.2014-ൽ അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. ഇതിന് എതിരെ കേരളം റിവ്യൂ പെറ്റീഷനും ((C) 1705 of 2014) ഫയൽ ചെയ്തെങ്കിലും ബഹു. സുപ്രീം കോടതി 02.12.2014 ൽ തള്ളുകയാണുണ്ടായത്. കേരളം നിർമ്മിച്ച മെഗാ കാർപാർക്കിംഗ് ഏര്യാ Lease land ൽ ഉൾപ്പെടുന്നതാണെന്ന് കാണിച്ച് തമിഴ്നാട് ഫയൽ ചെയ്ത ഒരു അസ്സൽ അന്യായവും (OS No. 4 of 2014) അതിനോട് അനുബന്ധിച്ച ഇന്ററിം ആപ്ലിക്കേഷനുകളും സുപ്രീം കോടതിയിൽ നിലവിലുണ്ട്. തമിഴ്നാട് 01.03.2017 ൽ സുപ്രീംകോടതി മുമ്പാകെ 07.05.2014 ലെ അന്തിമവിധി നടപ്പിലാക്കുന്നതിന് വേണ്ടി ഒരു എക്സിക്യൂഷൻ പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

കൂടാതെ മുല്ലപ്പെരിയാർ ഡാമിൽ കേരള പോലീസ് സേനയ്ക്ക് പകരം Central Reserve Police Force (CRPF), നെയും Central Industrial Security Force (CISF) നെയും നിയമിക്കുവാനും, മുല്ലപ്പെരിയാർ ഡാമിൽ വേണ്ടത്ര അഗ്നിശമന സേന അംഗങ്ങളെ നിയമിക്കണം എന്നു ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് പി ഡബ്ല്യൂ.ഡി സീനിയർ എഞ്ചിനീയർ അസ്സോസിയേഷൻ, മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ WP(MD) No.14190 of 2011 ഫയൽ ചെയ്തിട്ടുണ്ട്.

### 3. നെയ്യാർ കേസ്

കേരളത്തിലെ നെയ്യാറിലെ ജലം കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്കിൽ ജലസേചനത്തിന് ആവശ്യമുണ്ടെന്ന് കാട്ടി തമിഴ്നാട് കേരളത്തിനെതിരെ ഫയൽ ചെയ്ത അസ്സൽ അന്യായം (OS 2 of 2012)

ബഹു.സുപ്രീം കോടതിയിൽ നിലവിലുണ്ട്. കേസ്സിന്റെ തുടർനടപടികൾ ബഹു.സുപ്രീംകോടതിയിൽ നടന്നുവരുന്നു.

4. **പറമ്പിക്കുളം - ആളിയാർകേസ്.**

പറമ്പിക്കുളം ആളിയാർ കരാർപ്രകാരം കേരളത്തിന് അർഹമായ ജലം വിട്ടുനൽകണമെന്നാവശ്യപ്പെട്ട് കേരളം തമിഴ്നാടിനെതിരെ അസ്സൽ അന്യായം (OS No. 2 of 2013) ഫയൽ ചെയ്യുകയുണ്ടായി. കേസിന്റെ തുടർനടപടികൾ ബഹു.സുപ്രീംകോടതിയിൽ നടന്നുവരികയാണ്.

5. **പമ്പ-അച്ചൻകോവിൽ നദികളിലെ ജലം വിട്ടുനൽകണമെന്നാവശ്യപ്പെട്ട കേസ്.**

കേരളത്തിലെ പമ്പ-അച്ചൻകോവിൽ നദികളിലെ ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വിരുദനഗർ, രാമനാഥപുരം, ശിവകാശി,മധുര, തിരുനൽവേലി ജില്ലകളിൽ ജലസേചനത്തിന് ആവശ്യമുണ്ടെന്ന് കാട്ടി തമിഴ്നാട്ടിലെ ഒരു NGO (Non Government Organisation) ആയ "Mass Education and Action for Rural Development Society" യ്ക്ക് വേണ്ടി ആ സൊസൈറ്റിയുടെ പ്രസിഡന്റായ ശ്രീ. തങ്കരാജ ഒരു റിട്ട് ഹർജി(Writ Petion WP(MD) No.5153 of 2014) മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തു ഹർജിയിൽ തീരുമാനമായിട്ടില്ല.

6. **ചെമ്പകവല്ലിഡാമിൽ അറ്റകുറ്റപ്പണികൾ നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള കേസുകൾ.**

പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ കേരള അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ചെമ്പകവല്ലി ഡാമും, അനുബന്ധ കനാലുകളും വേണ്ട അറ്റകുറ്റപ്പണികൾ നടത്തി പുനരുജ്ജീവിപ്പിച്ച് തമിഴ്നാട്ടിലെ തിരുനൽവേലി ജില്ലയിൽ ജലസേചനം ആരംഭിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ വ്യക്തികൾ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. [WP(MD) No.1260 of 2015 filed by Sri. V. Ravichandran, WP(MD) No. 2398 of 2015 filed by Sri. Bhaskaran & WP(MD) No. 3601 of 2015 filed by Sri. Muthuvelan]. പ്രസ്തുത കേസുകളിൽ ഹൈക്കോടതി തുടർ നടപടികൾ ആരംഭിച്ചിട്ടില്ല.